**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 634** **09-08-2023 - ൽ മറുപടിയ്ക്ക്**

**സംരംഭക വർഷം 2.0 പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംരംഭക വർഷം 2.0 പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | പുതിയ സംരംഭം ഉടങ്ങുന്നവരെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഈ സാമ്പത്തിക വർഷം "സംരംഭക വർഷം 2.0" പദ്ധതി നടപ്പിലാക്കുന്നു. നടപ്പ് സാമ്പത്തിക വർഷം ആഗസ്റ്റ് 4 വരെയുള്ള കണക്കു പ്രകാരം 9007 പുതിയ സംരംഭങ്ങൾ ഈ പദ്ധതി പ്രകാരം ആരംഭിച്ചിട്ടുണ്ട്. അതുവഴി 591.28 കോടി രൂപയുടെ നിക്ഷേപവും 18957 പേർക്ക് തൊഴിലവസരങ്ങളും സൃഷ്ടിച്ചിട്ടുണ്ട്.<br><br>**1.ആസൂത്രണവും ബോധവൽക്കരണവും**<br><br>• ബോട്ടം-അപ്പ് പ്ലാനിംഗിലൂടെ ജില്ല തിരിച്ചുള്ള ലക്ഷ്യം നിശ്ചയിക്കുന്നു<br><br>2022-23 സാമ്പത്തിക വർഷത്തിലെ പ്രകടനം അവലോകനം ചെയ്യുന്നതിനായി ജില്ലാ, തദ്ദേശ സ്ഥാപന തലങ്ങളിൽ മോണിറ്ററിംഗ് കമ്മിറ്റി യോഗങ്ങൾ നടത്തുന്നു<br><br>2023-24 സാമ്പത്തിക വർഷത്തിനായുള്ള വിശദമായ പ്രവർത്തന പദ്ധതി രൂപീകരിക്കുന്നു<br><br>എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും സംരംഭകർക്കായി പൊതു ഓറിയന്റേഷൻ ക്യാമ്പെയ്നുകൾ<br><br>**2.എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും വായ്പ, ലൈസൻസ്, സബ്സിഡി ക്യാമ്പെയിൻ**<br><br>**3.ജില്ലാതലത്തിലുള്ള മാർക്കറ്റിംഗ് ക്യാമ്പെയ്ൻ**<br><br>**4.മെന്ററിംഗ്, നെറ്റ്വർക്കിംഗ്, ആത്മവിശ്വാസം വളർത്തൽ**<br><br>മെന്ററിംഗ് സിസ്റ്റം സമാരംഭിക്കുക; മെന്റർമാരെയും എംഎസ്എംഇ-കളെയും മെന്ററിംഗ് സിസ്റ്റത്തിൽ രജിസ്റ്റർ ചെയ്യുക. |

| | | | |
|---|---|---|---|
| | | | എല്ലാ തദ്ദേശ സ്ഥാപനങ്ങളിലേയും എം.എസ്.എം,ഇ-കളെ (പുതിയതും നിലവിലുള്ളതും) നെറ്റ് വർക്കിംഗ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുക. |
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ എത്ര സംരംഭങ്ങൾ ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ; നാളിതുവരെ എത്ര സംരംഭങ്ങൾ ആരംഭിച്ചുവെന്നും എത്ര നിക്ഷേപവും തൊഴിലും സൃഷ്ടിച്ചുവെന്നും വ്യക്കമാക്കാമോ? | (ബി) | 2023-24 സാമ്പത്തിക വർഷത്തിലും ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതിന് സംരംഭക വർഷം 2.0 പദ്ധതി ലക്ഷ്യമിടുന്നു. ഈ സാമ്പത്തിക വർഷം ആഗസ്റ്റ് 4 വരെയുള്ള കണക്കു പ്രകാരം 9007 പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. അതുവഴി 591.28 കോടി രൂപയുടെ നിക്ഷേപവും 18957 തൊഴിലവസരങ്ങളും സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ